(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ വർഷവും കള്ളുഷാപ്പുകൾ എന്തു തുകയ്ക്കാണ് ലേലത്തിൽ പോയിട്ടുള്ളത്;

(ബി) ഈ കാലയളവിൽ ഇൻഡ്യൻ നിർമ്മിത വിദേശ മദ്യഷാപ്പുകൾ എന്ത് തുകയ്ക്കാണ് ലേലത്തിൽ പോയിട്ടുള്ളത്;

(സി) സംസ്ഥാനത്ത് ഈ കാലയളവിൽ ഓരോ വർഷവും ഉൽപ്പാദിപ്പിക്കപ്പെട്ട കള്ള് എത്രയാണ്;

(ഡി) ഇത് വിറ്റാൽ എന്ത് തുകവീതം കിട്ടുമെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ കാലയളവിൽ ഓരോ വർഷവും സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ വഴി വിറ്റ വിവിധയിനം മദ്യത്തിന്റെ കണക്ക് നൽകുമോ;

(എഫ്)ഇന്ത്യൻ നിർമ്മിത വിദേശ മദ്യഷാപ്പുകൾക്കും ബാർ ഹോട്ടലുകൾക്കും വിറ്റ മദ്യത്തിന്റെ അളവെത്രയാണ്;

(ജി) ഈ മദ്യം വിറ്റാൽ മദ്യഷാപ്പുകൾക്കും ബാർ ഹോട്ടലുകൾക്കും എന്ത് ലാഭം കിട്ടും;

(എച്ച്) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ വർഷവും ബാർ ലൈസൻസ് ഫീ എത്രവീതം ആയിരുന്നു?

ഉത്തരം

(എ)&(ബി)	1996-97	57,22,43,450
	1997-98	1,24,78,57,663
	1998-99	83,37,39,563
	1999-2000	1,24,25,28,394
	2000-2001	1,46,44,07,079
	1996-97	78,79,77,420
	1997-98	1,23,70,65,214
	1998-99	1,11,91,79,770
	1999-2000	1,31,65,10,136
	2000-2001	1,46,47,53,353

(സി)&(ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ)

വർഷം	വിദേശമദ്യം	ബിയർ
96-97	32.42 ലക്ഷം കെയ്സ്	30.85 ലക്ഷം കെയ്സ്
97-98	57.25 ലക്ഷം കെയ്സ്	27.93 ലക്ഷം കെയ്സ്
98-99	62.95 ലക്ഷം കെയ്സ്	27.28 ലക്ഷം കെയ്സ്
99-2000	64.52 ലക്ഷം കെയ്സ്	25.22 ലക്ഷം കെയ്സ്

(എഫ്)-(എച്ച്) വിവരം ശേഖരിച്ചുവരുന്നു.

അബ്കാരി ലേലം ഇനത്തിൽ ലഭിച്ച തുക

75 (409) ശ്രീ. ടി.എം. ജേക്കബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

1189/2010.

LIBRARY ARCHIVES Kerala Legislative Assembly

(എ) 1996-97, 1997-98, 1998-99, 1999-2000 എന്നീ വർഷങ്ങളിൽ നടത്തിയ അബ്കാരി ലേല ഇനത്തിൽ സർക്കാരിന് ലഭിച്ച തുക എത്ര;

(ബി) 1991 മുതൽ 1995 വരെ കള്ളുഷാപ്പു ലേലം ചെയ്ത ഇനത്തിൽ സർക്കാരിന് ലഭിച്ച തുക റെയിഞ്ച് അടിസ്ഥാനത്തിൽ വെളിപ്പെടുത്തുമോ;

(സി) 1996-97 മുതൽ 1999-2000 വരെ കള്ളുഷാപ്പ് ലേല ഇനത്തിൽ സർക്കാരിന് ലഭിച്ച തുക എത്ര;

(ഡി) 1996-97 വർഷത്തിലും 1998-99 വർഷത്തിലും എത്ര ലിറ്റർ കള്ളുവീതം കേരളത്തിൽ ഉൽപ്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്;

(ഇ) 1996-97 മുതൽ 1999-2000 വരെ ഓരോ വർഷങ്ങളിലും എത്ര പനയും എത്ര തെങ്ങും കള്ള് എടുക്കുന്നതിനുവേണ്ടി ഉപയോഗിച്ചിട്ടുണ്ട്?

ഉത്തരം

(എ)	1996-97	176,02,20,870	
	1997-98	248,49,30,877	
	1998-99	198,29,10,342	
	1999-2000	285,90,36,350	
(ബി)	അനുബന്ധമായി ചേർത്തിട്ടുണ്ട്†.		
(സി)	1996-97	87,22,43,450	
	1997-98	124,78,57,563	
	1998-99	83,37,39,563	
	1999-2000	124,25,28,594	
(ഡി)	1996-97	245502487 ലിറ്റർ	
	1997-98	325314566 ലിറ്റർ	
	1998-99	262760426 ലിറ്റർ	
(ഇ)	വർഷം	തെങ്ങ്	റെയ്ഞ്ച്-സർക്കിൾ
	1996-97	324400	19343
	1997-98	284431	19336
	1998-99	271035	10336-73602
	1999-00	386097	37666-67720

76 (410) ഫയലുകൾ കാണാതായ സംഭവം

ശ്രീ. പി.ജെ. ജോയി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1990 മുതൽ ഇതുവരെ എക്സൈസ് വകുപ്പിലെ എത്ര ഫയലുകൾ കാണാതായിട്ടുണ്ട്; ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പിലെ എത്ര ഫയലുകൾ കാണാതായിട്ടുണ്ട്;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly